LIBRARY ARCHIVES Kerala Legislative Assembly

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ

189(799) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എത്ര പൊതുവിദ്യാലയങ്ങളുണ്ടെന്നും അവയിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും എയ്ഡഡ് സ്കൂളുകൾ എത്രയെന്നും അറിയിക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 4 സർക്കാർ സ്കൂളുകളും 60 എയ്ഡഡ് സ്കൂളുകളുമുണ്ട്.

(ബി) കോവിഡ് കാലഘട്ടത്തിൽ പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ 'ഡിജിറ്റൽ ഡെഫിഷ്യൻസി' പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത വിദ്യാർത്ഥികൾക്കായി പി.ടി.എ. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നിയോജകമണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽനിന്നും ഡിജിറ്റൽ ഉപകരണങ്ങളുടെ കുറവുമൂലം പഠന സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം ലഭിച്ച കണക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര ഫണ്ടുകൾ

190 (800) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തേയ്ക്ക് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിൽനിന്നും അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഉച്ചഭക്ഷണ പദ്ധതി	-	27688.82 ലക്ഷം രൂപ
സമഗ്രശിക്ഷാ കേരള	-	23838.59 ലക്ഷം രൂപ
പഠ്ന ലിഖ്ന അഭിയാൻ പദ്ധതി	-	284.232 ലക്ഷം രൂപ

(ബി) 2020-21 വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിച്ച ആകെ തുക എത്രയാണ്; ഏതൊക്കെ മേഖലകളിലായാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര വീതമാണ്?

2020-21 വർഷത്തിൽ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ നിന്നും 17560.097 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 12969.021 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 'പഠ്ന ലിഖ്ന അഭിയാൻ' പദ്ധതിക്കായി കേന്ദ്രവിഹിതമായി 284.232 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 189.488 ലക്ഷം രൂപയും അനുവദിച്ചു. കോവിഡ്-19 സാഹചര്യത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതിരുന്നതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി കേന്ദ്ര വിഹിതത്തിൽനിന്നും 21746.1 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 13616.14 ലക്ഷം രൂപയും നീക്കിയിരിപ്പുണ്ടായിരുന്ന 8268.73 ലക്ഷം രൂപയും ചേർത്ത് ആകെ 43630.97 ലക്ഷം രൂപ ചെലവഴിച്ചു. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം, നിർമ്മാണ പ്രവർത്തനങ്ങൾ, സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, സ്കൂളിനുപുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ കവാളിറ്റി ഇന്റർവെൻഷൻസ്, പഠന പരിപോഷണ പരിപാടി, നൂതനാശയ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം, അദ്ധ്യാപക പരിശീലനം, പ്രീസ്കൂൾ വിദ്യാഭ്യാസം, അസസ്മെന്റ് അറ്റ് നാഷണൽ & സ്റ്റേറ്റ് ലെവൽ വൊക്കേഷണൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, ഉൾച്ചേർക്കൽ വിദ്യാഭ്യാസം, ഡയറ്റ്, എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ.

(സി) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിനു മാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര തുക വീതമാണെന്ന് അറിയിക്കുമോ?

കേന്ദ്രവിഹിതം	- 27688.82 ലക്ഷം രൂപ
സംസ്ഥാന വിഹിതം	- 31600 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly